നോവലെറ്റ്

# കുഞ്ചു സിനിമാ തിയേറ്ററിൽ

• എം. കുഞ്ഞാപ്പ

ഇവൻ കുഞ്ചു. മഞ്ഞത്തൊപ്പിക്കാരൻ ജോർജിന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ. അതെന്താ? ഇതെന്താ? അതെന്താ ഇങ്ങനെ? ഇതെന്താ അങ്ങനെ? എപ്പോഴും ജിജ്ഞാസയാണ് ഈ കുട്ടിക്കുരങ്ങന്.

പുറത്തു സൈക്കിളോടിച്ചു രസിക്കുമ്പോഴാണ് ജോർജ് കുളിച്ചൊരുങ്ങി വസ്ത്രം മാറുന്നത് കുഞ്ചു കണ്ടത്. ''എങ്ങോട്ടാണാവോ ജോർജ് പോകുന്നത്?'' കുഞ്ചുവിന്റെ ജിജ്ഞാസ കത്തിക്കയറാൻ തുടങ്ങി. ഒരു ചെറുപുഞ്ചിരിയുണ്ട് ജോർജിൻെറ ചുണ്ടത്ത്. അവൻ മഞ്ഞത്തൊപ്പി കൂടി എടുത്തു തലയിൽ വെച്ചതോടെ കുഞ്ചുവിന് പിടിച്ചുനിൽക്കാൻ പറ്റാതെയായി. അവൻ ജോർജിന്റെ തോളിലേക്ക് ചാടിക്കയറി.

''നമ്മൾ ടൗണിൽ പോകുന്നു!'' ജോർജ് പറഞ്ഞു.

കുഞ്ചുവിനു സന്തോഷമായി. അവൻ ഓടിപ്പോയി വസ്ത്രം മാറാൻ തുടങ്ങി.

''നീ വാ, നിനക്ക് വസ്ത്രമൊന്നും വേണ്ട.''

ജോർജ് പറഞ്ഞു. അവർ വീടുപൂട്ടി നിരത്തിലേക്കിറങ്ങി.

ബസ്സിലാണ് യാത്ര. കുഞ്ചു ചുറ്റും കൗതുകത്തോടെ കണ്ണോടിച്ചു കൊണ്ടിരുന്നു.

''നമ്മളൊരു സിനിമ കാണാൻ പോകുന്നു.''

പട്ടണത്തിലെത്തിയപ്പോൾ ജോർജ് പറഞ്ഞു. അവർ തിയറ്ററിലേക്കു നടന്നു.

തിയറ്ററിൽ പുറത്ത് തിരക്കു കുറവായിരുന്നു. ജോർജ് കൗണ്ടറിൽ ചെന്ന് രണ്ടു ടിക്കറ്റ് വാങ്ങി. വാതിൽ കടന്ന് അകത്തേക്കു നടന്നപ്പോൾ വല്ലാത്ത മണം. പോപ്കോണിന്റെയാണ്. അതോടെ കുഞ്ചുവിന് വയറു കത്താൻ തുടങ്ങി. ചായ കൗണ്ടറിനു




▸▸ ഔദ്യോഗിക മൃഗമുള്ള ആദ്യ ഇന്ത്യൻ നഗരം– ഗുവാഹട്ടി(ഗംഗാ ഡോൾഫിൻ)



മുന്നിൽ അവൻ ബ്രേക്കിട്ട പോലെ നിന്നു. ചില്ലല മാരയ്ക്കുള്ളിൽ കൊതി പ്പിക്കുന്ന കേക്കുകളും മധുരപലഹാരങ്ങളും!

"വാ. നമുക്ക് ആദ്യം സീറ്റ് കണ്ടുപിടിക്കാം. സിനിമ തുടങ്ങാറായി."

ജോർജും കുഞ്ചുവും അകത്തേ ക്കു കയറി.

"നിനക്കു ശരിക്കു കാണണമെങ്കി ൽ മുന്നിൽ ഇരിക്കണം."

അവർ മുൻസീറ്റിൽ അടുത്തടുത്തിരുന്നു. സിനിമ തുടങ്ങിയിട്ടുണ്ടായിരുന്നു.

"ഞാൻ പോപ്കോൺ വാങ്ങിയിട്ടു വരാം. നീ ഇവിടെ തന്നെയിരുന്ന് സിനിമ കണ്ടോണം. പ്രശ്നത്തിലൊന്നും പോയി ചാടരുത്."

കുഞ്ചു തലകുലുക്കി.

അവൻ സിനിമ ആസ്വദിക്കാൻ തുടങ്ങി. അപ്പോൾ സ്ക്രീനിലേക്ക് കുറേ ദിനോസറുകൾ ഓടിവന്നു. അതിൽ വലിയ ഒരെണ്ണം സ്ക്രീനിൽനിന്നു പുറത്തേക്കു ചാടി. കുഞ്ചു പേടിച്ചുപോയി. എങ്ങോട്ടാണതു ചാടിയത്? അവൻ ചുറ്റും നോക്കി. അവന്റെ സീറ്റിനു പിറകിലും നോക്കി. അപ്പോഴാണ് കുഞ്ചു അതു കണ്ടത്. ഏറ്റവും പിന്നിൽ ഒരു കുഞ്ഞുകിളിവാതിലിലൂടെ ശക്തിയുള്ള വെളിച്ചം അകത്തേക്കു വരുന്നു. ആ വെളിച്ചം സ്ക്രീനിൽ പതിക്കുമ്പോൾ എങ്ങനെയാണ് ചിത്രങ്ങൾ പ്രത്യക്ഷപ്പെടുന്നത്? എങ്ങനെ യാണ് ഈ ചിത്രങ്ങൾ ചലിക്കുന്നത്? കുഞ്ചുവിന്റെ സംശയപ്പെട്ടി താനേ തുറന്നു. പെട്ടെന്നവൻ ഇരിപ്പിടത്തിൽനിന്ന് ചാടിയിറങ്ങി.

അപ്പോഴാണ് അവൻ നല്ല കുട്ടിയായിരി ക്കാമെന്ന് ജോർജിനു കൊടുത്ത വാക്ക് ഓർത്തത്. പക്ഷേ, കുസൃതിക്കുരങ്ങന് ചില നേരത്ത് മറവി കൂടുതലാണ്. കുഞ്ചു മെല്ലെ തിയറ്ററിന്റെ പിറകിലേക്കു നടന്നു.

അവിടെ ചെന്നപ്പോഴാണ് മനസ്സിലായത്, വെളിച്ചം വരുന്ന കുഞ്ഞു കിളിവാതിൽ കുറേ ഉയരത്തിലാണ്. അങ്ങോട്ട് പിടിച്ചു കയറാൻ യാതൊന്നും കണ്ടില്ല. തീർച്ചയായും ആ വെളിച്ചം വരുന്നത് ഒരു മുറിയിൽ നിന്നാവും. ആ കിളിവാതിലിനു പിന്നിൽ ഒരു മുറിയുണ്ടാകും. അവൻ വാതിൽ തുറന്ന് പിറകിലേക്കു പോയിനോക്കി. അവിടെ കണ്ട ചവിട്ടുപടികളിലൂടെ ഓടിക്കയറി. ഒരു ചെറിയ മുറിക്കു മുമ്പിലാണ് അവനെത്തിയത്. അതിനകത്ത് ഒരു യന്ത്രം പ്രവർത്തിക്കുന്നുണ്ടായിരുന്നു.

ആ യന്ത്രത്തിൽ രണ്ടു വലിയ ചക്രങ്ങൾ നിർത്താതെ കറങ്ങുന്നുണ്ടായിരുന്നു. അതു കറങ്ങുമ്പോഴുണ്ടാവുന്ന ശബ്ദം കുഞ്ചുവിന് വളരെ ഇഷ്ടപ്പെട്ടു. കിളിവാതിലിലൂടെ വരുന്ന വെളിച്ചം ഈ യന്ത്രത്തിൽനിന്ന് ഉണ്ടാവുന്നതാണെന്ന് അവൻ കണ്ടുപിടിച്ചു. ഒരു സിനിമ പ്രദർശിപ്പിക്കുന്നതെങ്ങനെ യാണെന്ന് അവനു മനസ്സിലായി.

വാതിൽ കടന്ന് മുറിക്കകത്തേക്കു കയറിയ പ്പോഴാണ് അവനതു കണ്ടത്. അവിടെ കസേ രയിൽ ഒരു പയ്യൻ ഇരിക്കുന്നു!

ചെറുക്കൻ കുഞ്ചുവിനെ കണ്ട് പേടിച്ച് ചാടിയെഴുന്നേറ്റു. അതിനിടെ അവന്റെ കൈ തട്ടി ഫിലിം റീലുകൾ താഴെ വീണു. സിനിമ നിന്നു. ആളുകൾ ബഹളം വെക്കാൻ തുടങ്ങി. ചിലർ സീറ്റുകളിൽ ചവിട്ടുകയും അടിക്കുകയും ചെയ്തു.

"സിനിമ ഇടെടാ!"

അവർ വിളിച്ചു പറഞ്ഞു.

(തുടരും)

▸▸ ബംഗ്ലാദേശിന്റെ ദേശീയ മൃഗം– കടുവ